# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **8382** **25/07/2012**-ൽ മറുപടിക്ക്

<u>മ്യൂസിയം, മൃഗശാല സന്ദർശകരുടെ സൗകര്യങ്ങൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയം, മൃഗശാല സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | സന്ദർശകർക്ക് ഫിൽട്ടർ സംവിധാനത്തോടുകൂടി ശുദ്ധമായ ജലം ലഭിക്കത്തക്ക വിധത്തിൽ മൃഗശാലയിൽ 6 സ്ഥലങ്ങളിൽ വാട്ടർ കൂളറുകൾ സ്ഥാപിച്ചു. വിഭിന്നശേഷിയുള്ളവർക്ക് മൃഗശാലയിൽ വീൽ ചെയറുകൾ കൊണ്ടുപോകുന്നതിനായി പ്രത്യേക പാതകൾ നിർമ്മിക്കുകയും വീൽചെയറുകൾ ഏർപ്പെടുത്തുകയും ചെയ്തു. മ്യൂസിയങ്ങൾ സന്ദർശിക്കുന്നതിനായി ഭിന്നശേഷിയുള്ളവർക്കായി വീൽ ചെയറുകൾ കയറ്റത്തക്കവിധം മ്യൂസിയങ്ങളിലും ആർട്ട് ഗ്യാലറിയിലും റാമ്പുകൾ സ്ഥാപിച്ചു. സന്ദർശകർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൃഗശാലയിൽ ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. സന്ദർശകർക്ക് വിശ്രമിക്കുന്നതിനായി മൃഗശാലയിൽ വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുകയും പലയിടത്തും ഗാർഡൻ ബെഞ്ചുകൾ ക്രമീകരിക്കുന്നതിന് പുറമെ മൃഗശാലയിൽ കടപുഴകി വീണ വൃക്ഷത്തടികൾ ഉപയോഗിച്ച് പക്ഷിമൃഗാദികളുടെ രൂപം കൊത്തിവച്ച മനോഹരമായ ഇരിപ്പിടങ്ങളും സ്ഥാപിച്ചിട്ടുണ്ട്. സന്ദർശകർക്കായി ക്ളോക്ക് റൂം സൗകര്യം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. 'കൂടാതെ സന്ദർശകർക്കായി ഇലക്ട്രോണിക് ടോയ് ലറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വികലാംഗർക്ക് മ്യൂസിയം സന്ദർശിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; | (ബി) | വികലാംഗർക്ക് മ്യൂസിയം സന്ദർശിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷിയുള്ളവർക്ക് മ്യൂസിയം സന്ദർശിക്കുന്നതിനായി വീൽചെയറുകൾ ലഭ്യമാക്കുകയും വീൽചെയറുകൾ കൊണ്ടു പോകുന്നതിനായി പ്രത്യേകം റാമ്പുകൾ സ്ഥാപിക്കുകയും ചെയ്തു. |
| (സി) | സന്ദർശകർക്ക് വിവരങ്ങൾ നൽകാനായി പ്രത്യേകം കൗണ്ടർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (സി) | സന്ദർശകർക്ക് വിവരങ്ങൾ നൽകാനായി പ്രത്യേകം കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | സന്ദർശകർക്ക് കുടിവെള്ളം ക്ലോക്ക് റൂം, ബാത്ത് റൂം എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ? | (ഡി) | സന്ദർശകർക്ക് ക്ലോക്ക് റൂം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ടോയ് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.